LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. നാരായണൻ : സർ, എന്റെ മകൻ വാങ്ങിയ കാശ് തിരിച്ചു കൊടുക്കുവാൻ പോകുകയായിരുന്നു, അപ്പോഴാണ് പോലീസ് വന്നത്, അക്രമത്തിൽ പങ്കെടുത്തയാളാണെങ്കിൽ ഓടി രക്ഷപ്പെടുകയില്ലേ ? പോലീസിനെ കണ്ടിട്ട് അവിടെ നിൽക്കുകയാണ് ചെയ്തത്. പോലീസ് എഴുതിത്തന്ന കള്ള റിപ്പോർട്ടാണ് അങ്ങ് വായിച്ചത്. നിങ്ങളെനിക്ക് ഒരു സൗജന്യവും ചെയ്യ തരേണ്ട. ഞാൻ കോടതിയെ സമീപിച്ചിട്ടുണ്ട്, ഏത് ഭാഗത്താണ് നീതിയെന്ന് നമുക്ക് നോക്കാം.

ശ്രീ. രമേശ് ചെന്നിത്തല : സർ, ശ്രീ. കെ. കെ. നാരായണൻ ഒരു എം.എൽ.എ. ആണ്, ജനപ്രതിനിധിയാണ്, അങ്ങ് ഉത്തരവാദിത്വബോധത്തോടെ സഭയിൽ പറഞ്ഞകാര്യം ഗവൺമെന്റ് വളരെ ഗൗരവമായി എടുക്കുന്നു. ഇക്കാര്യത്തെപ്പറ്റി കണ്ണൂർ ജില്ലാ പോലീസ് സൂപ്രണ്ടിനോട് ഞാൻ അന്വേഷിക്കാൻ പറയാം. അകാരണമായി അങ്ങയുടെ മകനെ പോലീസ് പിടിച്ചുകൊണ്ടുപോയി മർദ്ദിച്ചിട്ടുണ്ടെങ്കിൽ, തീർച്ചയായിട്ടും അങ്ങ് പറഞ്ഞകാര്യം വളരെ ഉത്തരവാദിത്വത്തോടുകൂടി ഗൗരവമായി എടുക്കുന്നു. അതിനെക്കുറിച്ച് അന്വേഷിക്കാം, അങ്ങ് പറഞ്ഞകാര്യം ശരിയാണെങ്കിൽ ബന്ധപ്പെട്ട കുറ്റക്കാരുടെ പേരിൽ നടപടിയെടുക്കാം.

5. പ്രധാനാദ്ധ്യാപികയുടെ മരണം

11.38 AM]

ശ്രീ. എസ്. രാജേന്ദ്രൻ : സർ, ദേവികുളം മണ്ഡലത്തിലെ കഞ്ഞിത്തണ്ണി ഗവൺമെന്റ് ഹൈസ്കൂളിലെ പ്രധാനാദ്ധ്യാപിക പുഷ്പലത ഇന്നലെ മരണപ്പെട്ടു. ഇവർ മരണപ്പെടാനിടയായ സാഹചര്യവുമായി ബന്ധപ്പെട്ട് ദുരൂഹതയുണ്ട്. ഡി.ഡി.ഇ. ഓഫീസിൽ നിന്നും ശശിധരൻ എന്ന അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റും ശ്രീ. ഇസ്മായിൽ എന്ന സീനിയർ സൂപ്രണ്ടും കാഷ്വൽ ലീവിൽ പോകുകയും ഇവർ രണ്ടുപേരും ആ സ്കൂളിൽ ചെല്ലുകയും അവിടെ അവധിയിൽ പ്രവേശിച്ചിരുന്ന മറ്റൊരു ക്ലർക്കിനെ സംബന്ധിച്ചുള്ള റിപ്പോർട്ട് ടീച്ചറോട് നിർബന്ധിച്ച് ആവശ്യപ്പെടുകയും ചെയ്തു. റിപ്പോർട്ട് കൊടുക്കാൻ പറ്റില്ലെന്ന് പറഞ്ഞപ്പോൾ ടീച്ചറെ സസ്പെൻഡ് ചെയ്യാനുള്ള നടപടി സ്വീകരിക്കുമെന്നും മക്കളെല്ലാം തെരുവിലാകുമെന്നും വളരെ ഗുരുതരമായ തെറ്റാണ് ചെയ്തതെന്നുള്ള നിലയിൽ ഭീഷണിപ്പെടുത്തുകയും ചെയ്തു. ആ അവസരത്തിൽ അവർ ബോധംകെട്ട് വീഴുകയും ആശുപത്രിയിൽ കൊണ്ടുപോകുകയും ചെയ്തു. പിറ്റേദിവസം അവരുടെ സഹോദരൻ വെള്ളത്തൂവൽ പോലീസ് സ്റ്റേഷനിൽ പെറ്റീഷൻ കൊടുത്തിട്ടുണ്ട്. രണ്ട് ഉയർന്ന

ഉദ്യോഗസ്ഥർ വന്ന് ഭീഷണിപ്പെടുത്തിയതിന്റെ ഭാഗമായി നടന്ന സംഭവത്തിന്റെ അടിസ്ഥാനത്തിലാണ് ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തിരിക്കുന്നതെന്ന് പോലീസിൽ പരാതിപ്പെടുകയും ചെയ്തെങ്കിലും ഇത് സംബന്ധിച്ച് പിന്നീട് അന്വേഷണമൊന്നുണ്ടായില്ല. 6-ാം തീയതിയാണ് സംഭവം നടക്കുന്നത്. ദിവസങ്ങൾ കഴിഞ്ഞപ്പോൾ അവർ മരണപ്പെടുകയും ചെയ്തു. ഇതുമായി ബന്ധപ്പെട്ട് പിന്നീട് പോലീസ് ഇടപെടുകയോ കേസന്വേഷണം നടത്തുകയോ ചെയ്തിട്ടില്ല. പുഷ്പലത മരണപ്പെടാൻ ഇടയായ സാഹചര്യത്തിന് രണ്ട് ഉദ്യോഗസ്ഥരുടെ പേരിൽ കൊലക്കുറ്റത്തിന് കേസ്സ് എടുക്കുക മാത്രമല്ല, ഇതിനാസ്പദമായ പ്രശ്നങ്ങൾ സംബന്ധിച്ച് പോലീസിൽ പെറ്റീഷൻ കൊടുത്ത സാഹചര്യത്തിൽ വെള്ളത്തൂവൽ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്യാതെ, കേസന്വേഷണം നടത്താതിരുന്ന ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കുകയും വേണം. ഈ കുടുംബത്തിന് നീതി ലഭ്യമാക്കി നിയമവ്യവസ്ഥ നിലനിർത്താൻ വേണ്ടിയുള്ള നിലപാട് സ്വീകരിക്കണമെന്നുള്ളതാണ് എന്റെ അഭ്യർത്ഥന.

11.41 AM]

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ, ശ്രീ രാജേന്ദ്രൻ എം.എൽ.എ. ഈ സബ്മിഷൻ ഉന്നയിക്കുന്നതിനുമുമ്പുതന്നെ ഇതുമായി ബന്ധപ്പെട്ട ഒരു പരാതി എനിക്ക് നൽകിയിരുന്നു. ഇടുക്കി ജില്ലയിലെ വെള്ളത്തൂവൽ പോലീസ് സ്റ്റേഷൻ പരിധിയിലുള്ള, കഞ്ചിത്തണ്ണി ഗവൺമെന്റ് ഹൈസ്കൂളിലെ പ്രഥമ അധ്യാപികയായ കണ്ണൂർ മയ്യിൽ സ്വദേശിനി ശ്രീമതി ഇ. പി. പുഷ്പലതയാണ് (52) മരണപ്പെട്ടത്. സ്കൂളിലെ ഒരു ക്ലാർക്കിന് അവധി അനുവദിച്ചതുമായി ബന്ധപ്പെട്ട് ഇടുക്കി ഡി.ഡി.ഇ. ഓഫീസിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ശശിധരൻ 6-3-2015-ന് സ്കൂളിൽവന്ന് ഹെഡ്മിസ്ട്രസിനെ ഭീഷണി പെടുത്തിയതിനെത്തുടർന്ന് മാനസികമായി തകർന്ന പുഷ്പലതയെ 7-3-2015-ന് സ്ട്രോക്ക് ബാധിച്ച് കോലഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണെന്നും ഏത് നിമിഷവും മരണപ്പെടുന്ന അവസ്ഥയിലാണെന്നും ഈ ദാരുണാവസ്ഥയ്ക്ക് കാരണക്കാരായ ഉദ്യോഗസ്ഥനെതിരെ നിയമനടപടികൾ സ്വീകരിക്കണമെന്നുമാവശ്യപ്പെട്ടുകൊണ്ട് ശ്രീമതി പുഷ്പലതയുടെ സഹോദരൻ ശ്രീ. ഇ. പി. സുധീഷ് തയ്യാറാക്കിയ ഒരു പെറ്റീഷൻ 10-3-2015-ൽ രാത്രി 8 മണിയോടുകൂടി കെ.എസ്.ടി.എ. ഭാരവാഹികളായ ശ്രീ. പി. കെ. സുധാകരൻ, ശ്രീ. ടി. എൻ. ഗോപാലകൃഷ്ണൻ എന്നിവരുടെ നേതൃത്വത്തിൽ വെള്ളത്തൂവൽ പോലീസ് സ്റ്റേഷനിൽ എത്തിച്ചു ഈ പരാതി 370/17 ഐ.എ.പി.എഫ്./15 എഫ്3 നമ്പരായി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

രജിസ്റ്റർ ചെയ്തു. വെള്ളത്തൂവൽ എസ്.ഐ. പരാതിക്കാരനെ 11-3-2015-ന് രാവിലെ 7 മണിയോടുകൂടി ഫോണിൽ ബന്ധപ്പെട്ട് പരാതി സംബന്ധിച്ച് അന്വേഷണം നടത്തുകയും ശ്രീമതി പുഷ്പലത ഇന്ന് പുലർച്ചെ 5.10-ന് മരണപ്പെടുകയും ചെയ്തതായി പരാതിക്കാരൻ അറിയിച്ചു ; കൂടാതെ ആശുപത്രിയിൽനിന്ന് മൃതദേഹവുമായി ഇയാൾ കണ്ണൂരിലേയ്ക്കുള്ള യാത്രയിലാണെന്നും അറിയിച്ചു. പോലീസ് ഈ കേസ് ഗൗരവതരമായി അന്വേഷിക്കുന്നതാണ്. ഇന്ന് രാവിലെയാണ് മരണവാർത്ത അറിഞ്ഞത്, ഇതുമായി ബന്ധപ്പെട്ടകാര്യങ്ങൾ അന്വേഷിച്ച് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ച എല്ലാ നിയമ നടപടികളും ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. വളരെ ഗൗരവതരമായിതന്നെ ഈ സംഭവത്തെ കണക്കിലെടുത്തുകൊണ്ട് യുക്തമായ നിയമ നടപടികൾ ഈ കാര്യത്തിൽ സ്വീകരിക്കും.

6. നൂറനാട്-പാറ്റൂർ കുടിവെള്ള പദ്ധതി

11.43 AM]

ശ്രീ. ആർ. രാജേഷ് : സർ, മാവേലിക്കര മണ്ഡലത്തിലെ നൂറനാട്- പാറ്റൂർ കുടിവെള്ള പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. രൂക്ഷമായ കുടിവെള്ളപ്രശ്നമുള്ള ഒരു മണ്ഡലമാണ് മാവേലിക്കര. ജനുവരി മുതൽ മേയ് മാസംവരെയുള്ള അഞ്ചുമാസക്കാലം മണ്ഡലത്തിലെ എട്ട് തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിലും ടാങ്കറിലാണ് വെള്ളം വിതരണം ചെയ്യുന്നത്. രൂക്ഷമായ കുടിവെള്ള പ്രതിസന്ധിയാണ് മണ്ഡലം നേരിടുന്നത്. മൂന്ന് പഞ്ചായത്തുകളിലെ കുടിവെള്ളപ്രശ്നത്തിന് പരിഹാരം കാണാൻ കഴിയുന്ന ഒരു വലിയ പദ്ധതിയാണ് പാറ്റൂർ പദ്ധതി. 16 വർഷങ്ങൾക്കുമുമ്പ് ആരംഭിച്ച ഈ പദ്ധതി ഉദ്യോഗസ്ഥരുടെ കടുത്ത അലംഭാവം കാരണം കമ്മിഷൻ ചെയ്യൽ വൈകുകയാണ്. മന്ത്രിതലത്തിൽ ഒട്ടേറെ യോഗങ്ങൾ അങ്ങ് തന്നെ വിളിച്ചുചേർത്തിട്ടുണ്ട്. ഈ പദ്ധതിയുടെ നടത്തിപ്പിനായി അവലോകന യോഗങ്ങൾ ചേരുകയും ആവശ്യമായ ഫണ്ട് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കോട്ടയം പ്രോജക്ട് ഡിവിഷനാണ് ഈ പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കിയത്. ഇപ്പോൾ അത് ആലപ്പുഴയ്ക്ക് handover ചെയ്തു. അങ്ങ് കൂടി പങ്കെടുത്തുകൊണ്ട് ചേർന്ന അവലോകന യോഗത്തിനുശേഷം ആലപ്പുഴ പ്രോജക്ട് ഡിവിഷൻ വീണ്ടും കോട്ടയത്തിന് ട്രാൻസ്ഫർ ചെയ്യണമെന്നൊരാവശ്യം ഗവൺമെന്റിലേയ്ക്ക് സമർപ്പിച്ചിരിക്കുകയാണ്. ഉദ്യോഗസ്ഥർ ഈ പദ്ധതിക്കാവശ്യമായ